**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 106** **19-09-2025 - ൽ മറുപടിയ്ക്ക്**

**മലബാർ-മലനാട് റിവർ ക്രൂയിസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വിജിൻ,<br>ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | മലബാർ-മലനാട് റിവർ ക്രൂയിസ് പദ്ധതിയുടെ വികസനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | ഉത്തര മലബാറിലെ ജലാശയങ്ങളെ കോർത്തിണക്കിക്കൊണ്ടുള്ള ടൂറിസം പദ്ധതിയാണ് മലനാട് മലബാർ റിവർ ക്രൂയിസ്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാന ഫണ്ട് മുഖേനയും കേന്ദ്ര ഫണ്ട് മുഖേനയും പ്രവൃത്തികൾ നടപ്പിലാക്കിയിരുന്നു. ഇതിൽ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിൽ 6 നിയോജകമണ്ഡലങ്ങളിലായി 14 പദ്ധതികളും (തലശ്ശേരി, ധർമ്മടം, കൂത്തുപറമ്പ്, പയ്യന്നൂർ, തളിപ്പറമ്പ്, കല്ല്യാശ്ശേരി) കാസറഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിൽ 3 പദ്ധതികളും പൂർത്തീകരിച്ചിട്ടുണ്ട്.<br><br>**കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ സ്വദേശ് ദർശൻ സ്കീം പദ്ധതിയിൽ ഉൾപ്പെട്ട ഇൻലാൻഡ് നാവിഗേഷൻ മുഖേന നിർമ്മിച്ച 18 ബോട്ട് ടെർമിനലുകളും, KEL Ltd. മുഖേന നിർമ്മിച്ചിട്ടുള്ള ടൂറിസം റിലേറ്റഡ് ഇൻഫ്രാസ്ട്രക്ച്ചർ അറ്റ് കുപ്പം, ഹൊകേർസ്കോർട്ട് ഓപ്പൺ ഫ്ളോട്ടിങ് മാർക്കറ്റ്, വെനീസ് ഫ്ലോട്ടിങ് മാർക്കറ്റ് അറ്റ് വളപട്ടണം ആൻഡ് പറശ്ശിനിക്കടവ്, ബോട്ട് റെയ്സ് ഗ്യാലറി അറ്റ് പഴയങ്ങാടി, ബോട്ട്റെയ്സ് ഗാലറി അറ്റ് മംഗലശ്ശേരി, ടൂറിസം റിലേറ്റഡ് ഇൻഫ്രാസ്ട്രക്ച്ചർ മുനമ്പുകടവ്, പേൾ സ്പോട്ട് ഫ്ലോട്ടിങ് മാർക്കറ്റ് എന്നിവയും പൂർത്തീകരിച്ചിട്ടുണ്ട്. മേൽ പ്രവൃത്തികളുടെ തുടർ നടത്തിപ്പും പരിപാലനവും കണ്ണൂർ ഡി.ടി.പി.സിയ്ക്ക് കൈമാറിയിട്ടുണ്ട്.** |
| (ബി) | ഈ പദ്ധതി സ്വദേശി ദർശൻ സ്കീമിൽ ഉൾപ്പെടുത്തിയതിന് ശേഷമുള്ള പുരോഗതി എന്താണെന്ന് വ്യക്തമാക്കാമോ; | (ബി) | സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തിയതിന് ശേഷമുള്ള പുരോഗതി ചുവടെ ചേർക്കുന്നു. |

| | | | |
|---|---|---|---|
| | | | • പാമ്പുരുത്തിടൈപ്പ് 1, പാമ്പുരുത്തി ടൈപ്പ് 2, പാപ്പിനിശ്ശേരി, പാപ്പിനിശ്ശേരി പാറക്കൽ, വളപട്ടണം, അഴിക്കോട് ബോട്ട് പാലം, നാറാത്ത്, ചെറുകുന്ന്, പട്ടുവം, പഴയങ്ങാടി ഫ്ലോട്ടിംഗ്, ബോട്ട് റേസ് ഗാലറി എന്നിവ പൂർത്തീകരിച്ച് കണ്ണൂർ ഡിടിപിസിയ്ക്ക് കൈമാറുകയും, ടെൻഡർ നടപടികളിലൂടെ നടത്തിപ്പിനായി കൈമാറുകയും ചെയ്തിട്ടുണ്ട്.<br>• മുനമ്പുകടവ്ടൈപ്പ് 1, മുനമ്പുകടവ് ടൈപ്പ് 2, മുതുകട, തെക്കുമ്പാട്, താവം, വാടിക്കൽ, മാട്ടൂൽ സൗത്ത്, മാട്ടൂൽ സെൻട്രൽ എന്നീ ബോട്ട് ജെട്ടികൾ നടത്തിപ്പിനും പരിപാലനത്തിനുമായി കണ്ണൂർ ഡിടിപിസിയ്ക്ക് കൈമാറുകയും, നടത്തിപ്പിനുള്ള ഏജൻസിയെ കണ്ടെത്തുന്നതിനായി ഡിടിപിസി ടെൻഡർ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. |
| (സി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്ന മുഴപ്പിലങ്ങാട്-ധർമ്മടം ബീച്ച് സമഗ്ര വികസന പദ്ധതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ; | (സി) | **കിഫ്ബി ഫണ്ട് മുഖേന നടപ്പിലാക്കുന്ന കണ്ണൂർ ജില്ലയിലെ "മുഴപ്പിലങ്ങാട് - ധർമ്മടം ബീച്ചിന്റെ സമഗ്ര വികസനം" പദ്ധതി** 4 നാല് ക്യാരക്ടർ ഏരിയ ആയി തിരിച്ചിട്ടുണ്ട്.<br>• **ക്യാരക്ടർ ഏരിയ I-** പ്രവൃത്തികൾ പൂർത്തീകരിക്കുകയും ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്.<br>• **ക്യാരക്ടർ ഏരിയ 2-** CRZ ക്ലിയറൻസ് ലഭിക്കുന്നതിനുള്ള നടപടികൾ പദ്ധതിയുടെ SPV(Special Purpose Vehicle) ആയ KIIDC(Kerala Irrigation Infrastructure Development Corporation) മുഖേന സ്വീകരിച്ചു വരുന്നു.<br>• **ക്യാരക്ടർ ഏരിയ 2 (b)** - KIIFB യുടെ ബോർഡ് നിർദ്ദേശപ്രകാരം GIANTWHEEL പദ്ധതി PPP മുഖേന നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി RFP രേഖകൾക്ക് അംഗീകാരം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br>• **ക്യാരക്ടർ ഏരിയ 3 -** പരിസ്ഥിതി ആഘാത വിലയിരുത്തൽ പഠനം പൂർത്തീകരിച്ചു. Madras IIT തയ്യാറാക്കിയ ഡിപിആറും എസ്റ്റിമേറ്റും അംഗീകാരത്തിനായി കിഫ്ബിയിൽ സമർപ്പിക്കുന്നതിനായി KIIDC മുഖേന തയ്യാറാക്കി വരുന്നു. |

| | | | |
|---|---|---|---|
| | | | • **ക്യാരക്ടർ ഏരിയ 4 -** ഡിപിആറും വിശദമായ പ്രോജക്ട് ഘടകങ്ങളും കൺസൾറ്റന്റ് ആർക്കിടെക്ട് CBRE South Asia Private Limited തയ്യാറാക്കി വരുന്നു. |
| (ഡി) | ഈ പദ്ധതിയുടെ ഭാഗമായി കാസർഗോഡ് ജില്ലയിൽ പൂർത്തീകരിച്ച ബോട്ട് ടെർമിനലുകളുടെ വിശദാംശങ്ങൾ നൽകാമോ; | (ഡി) | കാസർഗോഡ് ജില്ലയിൽ പൂർത്തീകരിച്ച ബോട്ട് ടെർമിനലുകൾ/ജെട്ടികൾ എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**<u>പദ്ധതികളുടെ പേരുകൾ:</u>**<br><br>• ബോട്ട് ടെർമിനൽ അറ്റ് കോട്ടപ്പുറം,<br>• ബോട്ട് ടെർമിനൽ അറ്റ് മാവിലാക്കടപ്പുറം<br>• ബോട്ട് ജെട്ടി അറ്റ് മാടക്കാൽ<br><br>മേൽ പദ്ധതികൾ പൂർത്തീകരിച്ച് തുടർ പരിപാലനത്തിനായി ഡിടിപിസിക്ക് കൈമാറിയിട്ടുണ്ട്. |
| (ഇ) | പദ്ധതി പൂർത്തിയാക്കുന്നതിലൂടെ ലഭ്യമാകുന്ന പ്രാദേശിക തൊഴിൽ സാധ്യതകളും സാമ്പത്തിക പ്രയോജനങ്ങളും വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ? | (ഇ) | പദ്ധതി നടത്തിപ്പിലൂടെ മലബാർ മേഖലയിലെ ടൂറിസം രംഗത്ത് മാറ്റം ദൃശ്യമായി തുടങ്ങി. ഇത് കൂടുതൽ തൊഴിലവസരങ്ങൾ തുറന്നു നൽകുകയും ചെയ്തിട്ടുണ്ട്. ബോട്ട് ജെട്ടികൾ എല്ലാം പൂർണ്ണതോതിൽ പ്രവർത്തിക്കുകയും വാട്ടർ സ്പോർട്സ് ആക്ടിവിറ്റികൾ ആരംഭിക്കുകയും ചെയ്യുന്നതോടെ കൂടുതൽ തൊഴിലും വരുമാനവും പ്രതീക്ഷിക്കാനാകും. |

സെക്ഷൻ ഓഫീസർ